**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **04-02-2026 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസുകളിലെ റാഗിംഗ് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ കർശനമായ നടപടികൾ സ്വീകരിച്ചിട്ടും സംസ്ഥാനത്തെ കോളേജുകളിൽ റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റാഗിംഗ് പോലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അവ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള റാഗിംഗ് വിരുദ്ധ സംവിധാനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട കോളേജുകളിലെ ആന്റി-റാഗിംഗ് സെല്ലുകൾ പ്രാഥമിക അന്വേഷണം നടത്തുകയും കോളേജ് കൗൺസിലിന്റെ കൂടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയരായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുകയും പരാതിയിൻമേൽ സ്വീകരിക്കേണ്ട തുടർനടപടികൾക്കായി പോലിസ് അന്വേഷണം ആവശ്യപ്പെടാറുമുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു.ജി.സി. മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2009 ലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നതിനുള്ള യു.ജി.സി റെഗുലേഷനുകളുടെ ക്ലോസ് 6.3 (a) പ്രകാരം ഓരോ സ്ഥാപനവും സ്ഥാപന മേധാവി നാമനിർദ്ദേശം ചെയ്യുന്നതും നേതൃത്വം നൽകുന്നതുമായ ഒരു ആന്റി-റാഗിംഗ് കമ്മിറ്റി, ക്ലോസ് 6.3 (c) പ്രകാരം ഓരോ സ്ഥാപനവും ആന്റി-റാഗിംഗ് സ്ക്വാഡ്, ക്ലോസ് 6.3 (g) പ്രകാരം ഓരോ സർവകലാശാലയും ആന്റി-റാഗിംഗ് മോണിറ്ററിംഗ് സെൽ എന്നിവ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ക്ലോസ് 6.3 (f) പ്രകാരം ഓരോ അക്കാദമിക് വർഷത്തിന്റെയും അവസാനം, ഓരോ സ്ഥാപനവും, തുടർന്നുള്ള അക്കാദമിക് വർഷത്തിൽ പുതുമുഖങ്ങൾക്ക് മെന്റർമാരാകാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു മെന്ററിംഗ് സെല്ലും രൂപീകരിക്കേണ്ടതാണ്.<br><br>യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ (UGC) 14-12-2023 -ലെ D.O. No.F.1-15/2009 (ARC)pt കത്ത് പ്രകാരം ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് |

| | | | |
|---|---|---|---|
| | | | സ്ക്വാഡ്, ആന്റി-റാഗിംഗ് മോണിറ്ററിങ് സെൽ എന്നിവ രൂപീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻജിനിയറിങ് കോളേജുകളിൽ AICTE യുടെ "Prevention and prohibition regulations of ragging regulations” പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിന് സ്ഥാപന മേധാവികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്ക് കഠിനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്ക് കഠിനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമായി 1998 - ലെ കേരള റാഗിംഗ് നിരോധന നിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് ബിൽ ആഭ്യന്തര വകുപ്പ് തയാറാക്കിയിട്ടുണ്ട്. കരട് ബില്ലിന് മേൽ വിവിധ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കി ബില്ല് അന്തിമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | റാഗിംഗ് മൂലം പഠനം നിർത്തേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പുനരധിവാസം, കൗൺസിലിംഗ്, അക്കാദമിക് പിന്തുണ എന്നിവ നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | റാഗിംഗ് മൂലം പഠനം നിർത്തേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റാഗിംഗിനെ തുടർന്ന് മാനസികമായോ അക്കാദമിക് തലത്തിലോ ബുദ്ധിമുട്ടുകൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനായി കോളേജുകളിൽ Student Counselling Cell കൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം, റാഗിംഗുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ Anti-Ragging Regulations, 2009-ഉം Kerala Prohibition of Ragging Act, 1998 ഉം അനുസരിച്ച് രൂപീകരിച്ച University Level Anti-Ragging Committee (ULARC) പരിശോധിക്കുകയും, ആവശ്യമായ സാഹചര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, അക്കാദമിക് പിന്തുണ, പഠനം തടസ്സമില്ലാതെ തുടരുന്നതിനുള്ള അനുകൂല സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കുസാറ്റിൽ കുട്ടികളുടെ മാനസികാരോഗ്യത്തിന് പിന്തുണ നൽകുന്ന മൈന്റ് ബിഹേവിയർ സ്റ്റഡിയോയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിലെ മാനസിക സംഘർ ഷവും ഭയവും കുറയ്ക്കുന്നത് ലക്ഷ്യമിട്ട് 2019-20 അക്കാദമിക വർഷം മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | സർക്കാർ കോളേജുകളിലും ജീവനി പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സൈക്കോളജി വിഷയ ത്തിൽ ബിരുദ/ ബിരുദാനന്തരായ യോഗ്യതകൾ കൈവരിച്ച വിദഗ്ധരെ എല്ലാ സർക്കാർ കോളേജുകളിലും ഒരു വർഷത്തെ കാലാവധിയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നു. മാനസിക പിരിമുറുക്കം നേരിടുന്ന വിദ്യാർത്ഥികളെ കണ്ടെത്തുവാനും കൗൺസിലിംഗിലൂടെ ആത്മ വിശ്വാസ ത്തോടെ നേരായ മാർഗ്ഗത്തിൽ വഴിനടത്തുവാനും ഇതിനോടകം പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 2023-24 വർഷം മുതൽ എയ്ഡഡ് കോളേജുകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ